# മഹാത്മാഗാന്ധി സർവ്വകലാശാല

**കൃഷ്ണമൂർത്തി റ്റി.എസ്.**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 - 2731020, 2732650
മൊബൈൽ : 9447660554

പി.ആർ.ഒ./39/187/2018 2018 സെപ്റ്റംബർ 04

## പത്രക്കുറിപ്പ്

**തീയതി നീട്ടി**

തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിലെ ബി.എ., ബി.എഫ്.എ. പ്രോഗ്രാമുകളുടെ പ്രവേശന നടപടികൾ പൂർത്തിയാക്കേണ്ട തീയതി സെപ്റ്റംബർ 17 വരെയും എം.എ. പ്രോഗ്രാമുകളുടേത് ഒക്ടോബർ 4 വരെയും നീട്ടി.

**അപേക്ഷാ തീയതി**

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ 2017-18 അക്കാദമിക വർഷത്തെ ഒന്നാം സെമസ്റ്റർ എം.ഫിൽ (സി.എസ്.എസ്.) എക്സ്റ്റേണൽ പരീക്ഷകൾ സെപ്റ്റംബർ 18 മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ സെപ്റ്റംബർ 11 വരെയും 50 രൂപ പിഴയോടെ 14 വരെയും സ്വീകരിക്കും. 1100 രൂപയാണ് പരീക്ഷാഫീസ്. എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ ഫീസടയ്ക്കേണ്ടതില്ല. സർവ്വകലാശാലാ ഇ-പോർട്ടലിലെ ഇ-പേയ്മെന്റ് വഴിയാണ് ഫീസടയ്ക്കേണ്ടത്.

**പരീക്ഷാ തീയതി**

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ 2017-19 അക്കാദമിക വർഷത്തിലെ രണ്ടാം സെമസ്റ്റർ എം.എഡ്. (സി.എസ്.എസ്.) പരീക്ഷകൾ സെപ്റ്റംബർ 12ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**സീറ്റൊഴിവ്**

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ (2018-20) എം.എഡ്. ഡിഗ്രി പ്രോഗ്രാമിലേക്ക് ജനറൽ വിഭാഗത്തിലും സംവരണ വിഭാഗത്തിലും ഏതാനും സീറ്റുകൾ ഒഴിവുണ്ട്. മേൽപ്പറഞ്ഞ ഒഴിവുകളിലേക്ക് പ്രവേശനത്തിനായി CAT MGU പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ളവർ, അതായത് ബി.എഡ്. പ്രോഗ്രാമിന് 50% മാർക്കോടുകൂടി വിജയിച്ച കുട്ടികൾ സെപ്റ്റംബർ 6ന് രാവിലെ 11 മണിക്ക് യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസ്സൽ പ്രമാണങ്ങളുമായി സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ ഹാജരാകേണ്ടതാണ്. പ്രോഗ്രാം ഫീസ് 5066 ആണ്. സംവരണ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രോഗ്രാം ഫീസായി 800 രൂപ അടച്ചാൽ മതിയാകും. ഫോൺ: 0481 - 2731042.

**പരീക്ഷാഫലം**

2017 നവംബറിൽ നടത്തിയ ഒൻപതാം സെമസ്റ്റർ ബി.ആർക് റഗുലർ പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 18 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**